2818
06 AUG 2004
GOVERNMENT SECRETARIAT

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം കോർപ്പറേഷൻ - കമ്പ്യൂട്ടറൈസേഷൻ - -'സിറ്റി ഫ്രണ്ട്സ്' - (രണ്ടാം ഘട്ടം) പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി) വകുപ്പ്

സ.ഉ.(സാ)നം. 2701/04/തസ്വഭവ　　　　　　　　തിരുവനന്തപുരം,　തീയതി: 2 8 04

---

പരാമർശം: 1) സ ഉ.(സാ)നം 2590/2003/തസ്വഭവ തീയതി 16.7.03

2) തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 15.12.03, 28.1.04, എന്നീ തീയതികളിലെ പി.ആർ.ഇ2/56901/03-ാംനമ്പർ കത്തുകൾ.

3) ഇൻഫർമേഷൻ കേരള മിഷന്റെ എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടറുടെ 16.3.04 ലെ ഐകെഎം/ഇഎംഡി/വിഐപി/2004/56-ാം നമ്പർ കത്ത്

## ഉത്തരവ്

തിരുവനന്തപുരം കോർപ്പറേഷനിൽ 1,51,00,000/- രൂപ ചെലവിൽ ' സിറ്റി ഫ്രണ്ട്സ് ' രണ്ടാം ഘട്ടം (കോർപ്പറേഷൻ കമ്പ്യൂട്ടറൈസേഷൻ) പദ്ധതി നടപ്പാക്കുന്നതിനായി കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിന് പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു സിറ്റി ഫ്രണ്ട്സ് പദ്ധതി രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിന് പദ്ധതി വിഹിതമായി 1,20,00,000/-രൂപയും. തനത് ഫണ്ടിൽ നിന്ന് 30,00,000/- രൂപയും ഉൾപ്പെട്ട പദ്ധതിക്ക് സർക്കാർ അംഗീകാരം നല്കണം എന്നാണ് പരാമർശം രണ്ട് പ്രകാരം തിരുവനന്തപുരം നഗരസഭാ സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നത്. 24.12.03 ലെ 16853/ഡി1/03/തസ്വഭവ -ാം നമ്പർ സർക്കുലർ പ്രകാരം ഇൻഫർമേഷൻ കേരളാ മിഷൻ പൈലറ്റ്തല കമ്പ്യൂട്ടർവൽക്കരണ പരിപാടിയിൽ തിരുവനന്തപുരം കോർപ്പറേഷനെയും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഇൻഫർമേഷൻ കേരള മിഷൻ ഇത് സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ഈ പ്രോജക്ട് നടപ്പാക്കാവുന്നതാണെന്ന് ഇൻഫർമേഷൻ കേരള മിഷൻ റിപ്പോർട്ടുചെയ്യിട്ടുണ്ട്

1. കോർപ്പറേഷൻ ജീവനക്കാർക്കായിട്ടുള്ള പരിശീലനം. സിസ്റ്റം ഇൻറഗ്രേഷൻ എന്നീ പ്രവർത്തനങ്ങൾ കൂടി ഈ പ്രോജക്ടിൽ ചേർക്കേണ്ടതായിട്ടുണ്ട് ഈ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന ചിലവ് പ്രിമിസസ് മാപ്പിംഗിനായി വകവരുത്തിയിട്ടുള്ളതിൽ നിന്നും കണ്ടെത്താവുന്നതാണ്
2. പ്രിമിസസ് മാപ്പിംഗിനുവേണ്ടി കോർപ്പറേഷനിൽ 2004-2005 സാമ്പത്തിക വർഷത്തിൽ ഒരു പ്രൊപ്പോസൽ കൊടുത്തിട്ടുണ്ട് ആയതിനാൽ ടി പ്രവർത്തനം ഈ പ്രോജക്ടിൽ നിന്നും മാറ്റാവുന്നതാണ്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഫർമേഷൻ കേരള മിഷൻെറ പൈലറ്റ്തല കമ്പ്യൂട്ടർവൽക്കരണ പരിപാടിയിൽ തിരുവനന്തപുരം കോർപ്പറേഷനെയും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഇൻഫർമേഷൻ കേരള മിഷൻെറ മേൽപ്പറഞ്ഞ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് തിരുവനന്തപുരം കോർപ്പറേഷന് ' നിധി ഫണ്ട്സ് ' (രണ്ടാം ഘട്ടം) എന്ന പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവുപ്രകാരം

(ഒപ്പ്)

വി.സുദർശനൻ.

അണ്ടർ സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ

എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

അർബൻ അഫയേഴ്സ് ഡയറക്ടർ, തിരുവനന്തപുരം

പ്ലാനിംഗ് ആൻറ് എക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെൻറ്

ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ട്മെൻറ്

(അനൗദ്യോഗിക കുറിപ്പ് നം 1115/ബി1/04/വി.സാ.വ, തീയതി 12.4.04

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

[signature]

സെക്ഷൻഓഫീസർ

No. 2818/B1/04/ITD

IT (B) Dept

May be added to the disposal no. 1115/B1/04/ITD after perusal.

[signature]

3/9/04

[signature]

7.9.04